11861

11861/16
21.12.16

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) – എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

**തദ്ദേശ സ്വയംഭരണ വകുപ്പ് (ഡി.സി) വകുപ്പ്**

സ.ഉ (സാ.ധാ)നം. 3417 /2016/ തസ്വഭവ തിരുവനന്തപുരം, തീയതി 15/ 12 /2016

പരാമർശം:
1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 9/8/2016-ലെ 6701/എഫ് /2013/ കെ. എസ്. എച്.ഒ നമ്പർ കത്ത്
2. 26/10/2016-ന് തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടന്ന യോഗ നടപടിക്കുറിപ്പ്
3. 19/2/2016-ലെ കേന്ദ്ര പാർപ്പിട നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയത്തിന്റെ കെ-14011/2/2012- യു.പി.എ/ എഫ് .റ്റി. എസ് - 5196 നമ്പർ കത്ത്.
4. 21/8/2014 ലെ സർക്കാർഉത്തരവ്(ആർ.റ്റി)നം.2168/2014/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1/11/2016-ലെകുറിപ്പ്

<u>**ഉത്തരവ്**</u>

ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം) പദ്ധതി സംസ്ഥാനത്തെ 14 നഗരസഭകളിൽ പരാമർശം (4) പ്രകാരം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി എല്ലാ നഗരങ്ങളിലും വ്യാപിപ്പിക്കുവാൻ പരാമർശം (3) പ്രകാരം കേന്ദ്ര പാർപ്പിട നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയം അനുവാദം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം നൽകിയിട്ടുള്ള പ്രൊപ്പോസലും ആക്ഷൻ പ്ലാനും 26/10/2016 ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം പരിശോധിച്ച് അംഗീകരിച്ചു.

ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) കേരളത്തിലെ എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. കർമ്മപരിപാടിയിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ആവശ്യമായ മാറ്റം വരുത്താവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
റ്റി.പി. വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ നഗരസഭാ അദ്ധ്യക്ഷന്മാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ